Impact Apprisal Committee യും (LIAC) അതിന്മേലുയരുന്ന പരാതികൾ പരിഗണിയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപുതന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാരവും പുനരധിവാസവും നൽകുവാനാണ് ലക്ഷ്യമിടുന്നത്.

മേൽപ്പറഞ്ഞവയ്ക്ക പുറമേ വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

പുനരധിവാസം സംബന്ധിച്ച പദ്ധതികളുടെ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന് അദാനി കമ്പനിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിക്കുന്നതാണ്.

ഫോർട്ട്കൊച്ചി ബോട്ട് ദുരന്തം

180 (188) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിന്റെ കാരണങ്ങൾ പുറത്തുകൊണ്ടുവരാനും, ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുമോ ;

(ബി) ദുരന്തത്തിൽ മരണപ്പെട്ടവർ എത്രയാണ്, സംഭവം സംബന്ധിച്ച് ഇതിനകം നടത്തിയ അന്വേഷണത്തിലൂടെ പുറത്തുവന്ന വിവരങ്ങൾ വിശദമാക്കുമോ ;

(സി) സംസ്ഥാനത്തുണ്ടായ ബോട്ടുദുരന്തത്തെത്തുടർന്നുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ ഏതൊക്കെയായിരുന്നു ; കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ബാക്കി നിൽപ്പുള്ള നടപടികൾ എന്തൊക്കെയാണ് ; അവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വിഴിഞ്ഞം പദ്ധതിക്ക് ചെലവഴിച്ച തുക

181 (189) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങൾക്കായി എത്ര തുക നാളിതുവരെ ഏതെല്ലാം ഘട്ടങ്ങളിലായി ചെലവഴിക്കുകയുണ്ടായിട്ടുണ്ട് ;

(ബി) അദാനിയുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, അദാനി ഗ്രൂപ്പ് എന്നിവർ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കുന്ന തുക എത്ര വീതമാണ് ;

(സി) പദ്ധതി പ്രദേശത്തുള്ളവരുടെ പുനരധിവാസ പാക്കേജിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ് ;

(ഡി) അടിസ്ഥാന സൗകര്യ വികസനം, പദ്ധതി ചെലവ്, വയബിലിറ്റി ഗ്യാപ്പ്, പുനരധിവാസ പാക്കേജ് തുടങ്ങി വിഴിഞ്ഞം പദ്ധതിക്കും അനുബന്ധങ്ങൾക്കുമായി ചെലവഴിക്കുന്ന മൊത്തം തുക എത്ര ; അദാനി ഗ്രൂപ്പ് ചെലവഴിക്കുന്ന തുക എത്ര; വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് തുറമുഖ നിർമ്മാണ ഘട്ടത്തിൽ നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു :

			തുക കോടിയിൽ
1	ഭൂമി ഏറ്റെടുക്കൽ	-	533
2	വൈദ്യുതി	-	51
3	വെള്ളമെത്തിക്കൽ	-	7
4	റെയിൽ	-	4
5	കൺസൾട്ടൻസി, ലീഗൽ ചെലവ്, അഡ്മിനിസ്ട്രേഷൻ മറ്റു ചെലവുകൾ	-	45
	ആകെ	-	640 കോടി

LIBRARY ARCHIVES Kerala Legislative Assembly